പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 17

07.08.2017-ലെ മറുപടിക്ക്.

# പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ | ശ്രീ .പിണറായി വിജയൻ<br>ബഹു. മുഖ്യമന്ത്രി |

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.ക്ക് കൈമാറാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ ;

(എ) ഉണ്ട്

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കമോ;

(ബി) സംസ്ഥനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേനയാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് 05.09.1986-ലെ 13770/ബി.പി.ഇ./86/പ്ലാനിംഗ്, 17.05.2007-ലെ 15274/ബി.പി.ഇ.2/06/പ്ലാനിംഗ് എന്നീ സർക്കലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥഭരണ പരിഷ്ക്കാര വകുപ്പിന്റെ നം. 14079/ഉപ.സി.1/14/ ഉഭപവ തീയതി 14.06.2016 പരിപത്രം പ്രകാരം ഗവൺമെൻറ് സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകളും, ടി വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള കേരള

സർക്കാരിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമാണോ നിയമനങ്ങൾ നടത്തിവരുന്നത് എന്ന വസ്തുത പരിശോധിക്കേണ്ടതും, ടി സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിട്ടിട്ടില്ലെങ്കിൽ ആയതിലെ നിയമനങ്ങൾ പി.എസ്.സി.-യുടെ പരിധിയിൽ കൊണ്ടുവരുന്നതിന് അടിയന്തിര നടപടി സ്വീകരിയ്ക്കേണ്ടതാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറുകളുടെ പകർപ്പുകൾ അനുബന്ധം I, II, III ആയി ചേർത്തിരിക്കുന്നു.

| | | | |
|---|---|---|---|
| സി) | പൊതുമേഖലാ സ്ഥാപനങ്ങളിലെ ഒഴിവുകൾ യഥാക്രമം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

PLANNING AND ECONOMIC AFFAIRS (BPE) DEPARTMENT

**No. 13770/BPE/86/Plg., Trivandrum, dated, 5th September 1986**

CIRCULAR

*Sub*:—Public Sector Undertakings—Appointments in Public Sector Undertakings through Public Service Commission —Instructions issued.

Under section 3 of the Kerala Public Service Commission (Additional Functions etc.) Act, 1970 (19 of 1970) a Corporation or the Board of Directors of a Government Company, as defined in section 2 thereof, may consult the Public Service Commisson on all matters relating to the methods of recruitment of Officers and other employees

of that Corporation or Government Company, on the principles to be followed in making appointments by direct recruitment of the Officers and other employees of that Corporation or Government Company and on the suitability of candidates for such appointments.

2. In excerise of the powers conferred by section 4 of the Act 19 of 1970, Government have framed the Kerala Public Service Commission (Consultation by Corporations and Companies) Rules 1971 laying down the procedure for consultation with the Public Service Commission for carrying out the purposes of the Act. The Board of Directors of a Government Company can consult the Public Service Commission in regard to the recruitment of its staff only after its name is included under sub-rule (d) of rule 2.

3. The policy of Government is that all employees of individual Corporations and Companies excluding "Worker" as defined in the Factories Act and excluding persons employed in supervisory or managerial capacity, whose basic starting salary (excluding Dearness Allowance, incentive Bonus, annual Bonus etc. exceeds Rs. 700 are to be recruited by the Public Service Commission. This has been communicated to Chief Executive of all Public Sector Undertakings vide Government letter No. 91333/SD1/80/GAD, dated 27th November 1980. In spite of these instructions many of the Corporations/ Companies are yet to be brought under the purview of the Public Service Commission for recruitment.

4. In the cirumstances, the Chief Executives of those Public Sector Undertakings appointments to which have not yet been brought within the purview of Public Service Crmmission, are hereby directed to take immediate action to include the name of the Company/ Corporation under sub rule (d) of rule 2, Kerala Public Service Commission (Consultation by Corporations and Companies) Rules 1971, as per the procedure explained in the annexure.

(Sd.)

For *Secretary*,
*Public Enterprises Board.*

12/5-9-16

അനുബന്ധം - II

E 84 6559

# കേരള സർക്കാർ

ആസൂത്രണ സാമ്പത്തിക കാര്യ (ബി.പി. ഇ) വകുപ്പ്

നമ്പർ.15274/ബി.പി.ഇ2/06/പ്ലാനിംഗ്. തിരുവനന്തപുരം, 17/05/2007.

## സർക്കുലർ

വിഷയം: ആസൂത്രണ സാമ്പത്തിക കാര്യ (ബി.പി. ഇ) വകുപ്പ് - പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ കേരള പബ്ളിക് സർവീസ് കമ്മിഷന് വിടുന്നത് - നിയമനചട്ടങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച്.

സൂചന: 03/09/1986 ലെ 13770/ബി.പി.ഇ/86/പ്ലാനിംഗ് നമ്പർ സർക്കുലർ.

1970 ലെ Kerala Public Service Commission (Additional functions etc.) Act Section 3 അനുസരിച്ച് പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം സംബന്ധിച്ച എല്ലാ കാര്യങ്ങളും അതാത് പൊതുമേഖലാ സ്ഥാപനങ്ങൾ കേരള പബ്ളിക് സർവീസ് കമ്മിഷനോട് ഉപദേശം ആരായേണ്ടതായിട്ടുണ്ട്. കൂടാതെ ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് പി.എസ്.സി.യെ കൺസൾട്ട് ചെയ്യുന്നതിന്, പ്രസ്തുത പൊതുമേഖലാ സ്ഥാപനത്തിന്റെ പേര്, 1971 ലെ കേരള പബ്ളിക് സർവീസ് കമ്മിഷൻ (കൺസൾട്ടേഷൻ ബൈ കോർപ്പറേഷൻസ് ആന്റ് കമ്പനി) റൂൾസിലെ 2 സബ് റൂൾ ഡി - യുടെ കീഴിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇക്കാര്യങ്ങൾ സൂചനയിലെ സർക്കുലർ പ്രകാരം, പൊതുമേഖലാ സ്ഥാപനങ്ങളിലെ മേധാവികളുടെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ട്.

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പബ്ളിക് സർവീസ് കമ്മിഷന് വിടുക എന്നത് സർക്കാരിന്റെ നയപരമായ തീരുമാനമാണ്. നിയമനങ്ങളിലെ അഴിമതിയും സ്വജനപക്ഷപാതവും അവസാനിപ്പിക്കുന്നതിനും സംവരണ

ത്വങ്ങൾ നടപ്പിലാക്കുന്നതിനും ഇത് അത്യാവശ്യവുമാണ്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.യുടെ പരിധിയിൽ കൊണ്ടു വന്നിട്ടുള്ളതാണ്. ഭൂരിപക്ഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളും പി.എസ്.സി.യുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ടെങ്കിലും നിയമനചട്ടങ്ങളുടെ അഭാവം മൂലം ചില പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ കമ്മിഷന് ഏറ്റെടുക്കാൻ കഴിയാതെ വരുന്നു.

ഈ സാഹചര്യത്തിൽ നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിടുന്നതിന്റെ ഭാഗമായി നിയമനചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലാത്ത എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും സമയബന്ധിതമായി അവ രൂപീകരിക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ നിയമനങ്ങൾ പി.എസ്.സി.യുടെ പരിധിയിൽ കൊണ്ടുവരുന്നതിനുവേണ്ട അടിയന്തിര നടപടികൾ, സൂചനയിലെ സർക്കുലറിൽ പറയുന്ന പ്രകാരം, സ്വീകരിക്കണമെന്നും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മേലധികാരികളോട് നിർദ്ദേശിക്കുന്നു.

ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഈ വകുപ്പിനെ അറിയിക്കേണ്ടതാണ്.

ടി. ബാലകൃഷ്ണൻ,
പ്രിൻസിപ്പൽ സെക്രട്ടറി.

എല്ലാ പൊതുമേഖലാമേഖലാ സ്ഥാപനങ്ങളിലേയും ചീഫ് എക്സിക്യൂട്ടിവുമാർക്ക്.

പകർപ്പ്: എല്ലാ ഭരണ വകുപ്പുകൾക്കും.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.

അനുബന്ധം - III

കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഏകോപന) വകുപ്പ്

## സർക്കുലർ

നം. [illegible]/ഇ1/14/ഉഭപവ

തിരുവനന്തപുരം, തീയതി 14.[illegible].201[illegible]

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - കേരള സർക്കാരിന്റെ അധീനതയിലുള്ള സ്ഥാപനങ്ങൾ - നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 13-ാം കേരള നിയമസഭയുടെ 11-ാം സമ്മേളനത്തിൽ 161-ാം നമ്പരായി ബഹു. മുഖ്യമന്ത്രി നൽകിയ ഉറപ്പ്.

കേരള സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പല സ്ഥാപനങ്ങളിലെയും നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമാക്കിയിട്ടില്ലെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ ഗവ. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളും, ടി വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള കേരള സർക്കാരിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമാണോ നിയമനങ്ങൾ നടത്തിവരുന്നത് എന്ന വസ്തുത പരിശോധിക്കേണ്ടതും, ടി സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടിട്ടില്ലെങ്കിൽ ആയതിലെ നിയമനങ്ങൾ പി.എസ്.സി. യുടെ പരിധിയിൽ കൊണ്ടുവരുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതുമാണ്. പി.എസ്.സി. ക്ക് വിട്ട സ്ഥാപനങ്ങളിലെ എത്ര വേക്കൻസികൾ ഇനിയും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല എന്ന വിവരം കൂടി ശേഖരിച്ച് ഒരു മാസത്തിനകം ലഭ്യമാക്കേണ്ടതാണ്.

**കെ. ആർ. ജ്യോതിലാൽ**
സെക്രട്ടറി (ഇൻ ചാർജ്ജ്)

സെക്രട്ടേറിയറ്റിലെ എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ